**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മെ.അരുൺ കയർ ഇൻഡസ്ട്രീസ് ഉടമ ശ്രീ.ജീവൻദാസിന്റെ മാർജിമണി വായ്പ കുടിശ്ശിക പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ തുക 25 മാസത്തവണകളായി ഒടുക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.920/2022/വ്യവ** **തീയതി, തിരുവനന്തപുരം, 25/08/2022**

---

പരാമർശം : 1. സ.ഉ.(സാധാ)നം.255/21/വ്യവ തീയതി 23/02/2021.
2. സർക്കാരിന്റെ 27/11/2021 -ലെ ബി3/68/2017/വ്യവ നമ്പർ കത്ത്
3. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുടെ 08/08/2022 -ലെ നം.DIC/17475/2018-FCI നമ്പർ കത്ത്

**ഉത്തരവ്**

മെ.അരുൺ കയർ ഇൻഡസ്ട്രീസ് ഉടമ ശ്രീ.ജീവൻദാസിന്റെ മാർജിമണി കുടിശ്ശികയുടെ പലിശയും പിഴപലിശയും ഒഴിവാക്കിക്കൊണ്ട് മുതൽതുക മാത്രമായി കൂടുതൽ തവണകൾ നിശ്ചയിച്ചുകൊണ്ട്, തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു.

കൂടാതെ പരാമർശം രണ്ട് പ്രകാരം, മുതൽ തുക തിരിച്ചടയ്ക്കുന്നതിനുള്ള തവണകൾ നിശ്ചയിച്ച് നൽകുവാൻ വ്യവസായ വാണിജ്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

പരാമർശം മൂന്ന് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ നൽകിയിരുന്ന റിപ്പോർട്ടിൽ മുതൽ തുക തിരികെ ഒടുക്കുന്നതിന് തവണകൾ നിശ്ചയിക്കുന്നതിനായി, 28/12/2021 -ൽ വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ (I/C) വീഡിയോ കോൺഫറൻസിലൂടെ ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജീവൻദാസിന്റെ നിലവിലെ അവസ്ഥ ബോദ്ധ്യപ്പെട്ടതിനാൽ സ്ഥിതിഗതികൾ പരിഗണിച്ച് മുതൽ തുകയായ Rs.1,30,464(ഒരു ലക്ഷത്തി മുപ്പതിനായിരത്തി നാനൂറ്റി അറുപത്തിനാല് രൂപ) 25 (ഇരുപത്തി അഞ്ച്) മാസത്തവണകളായി ഒടുക്കുന്നതിന് സമ്മതം രേഖാമൂലം ലഭ്യമായതായി അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ ടിയാന്റെ വായ്പ കുടിശ്ശികയിന്മേൽ ബാക്കിനിൽക്കുന്ന മുതൽ 25 തവണകളായി തിരിച്ചടയ്ക്കുന്നതിന് അനുവദിച്ച് ഉത്തരവാകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജീവൻദാസിന്റെ മാർജിൻ മണി വായ്പ കുടിശ്ശിക പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ തുകയായ Rs.1,30,464 (ഒരു ലക്ഷത്തി മുപ്പതിനായിരത്തി നാന്നൂറ്റി അറുപത്തിനാല് രൂപ) 25 മാസത്തവണകളായി) ഒടുക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവ്. ആർ**

**അണ്ടർ സെക്രട്ടറി**

ശ്രീ.എൻ. ജീവൻദാസ്, അരുൺ നിവാസ്, എസ്.എൻ പുരം, ചേർത്തല, ആലപ്പുഴ

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്പ്

അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ